"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – കോട്ടയം ജില്ല – കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.എസ്. രവിയ്ക്കെതിരായ അച്ചടക്ക നടപടി – ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1925/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/10/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.05.2017-ലെ ഇ7(വി.ഇ.1/17/കെടിഎം) 26951/2017 നമ്പർ കത്ത്

2 സർക്കാരിന്റെ 16.04.2019-ലെ ഇപിബി2/188/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3 ശ്രീ. എം.എസ്. രവി സമർപ്പിച്ച 29.05.2019-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 18.08.2019-ലെ PAN/21252/2018-D5(DP) നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീ. വി. വിനോദ്കുമാറിനെതിരെ സർക്കാർ നിർദ്ദേശപ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ. വി. വിനോദ്കുമാർ നടത്തിയ ഗുരുതരമായ ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിനും വീഴ്ച വരുത്തിയതിന് കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എം.എസ്. രവിക്കെതിരെ പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എം.എസ്. രവി പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം.എസ്.രവി 09.06.2014 മുതൽ 2016 ഓഗസ്റ്റ് മാസം വരെ കാഞ്ഞിരപ്പള്ളി ഗ്രമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതായി കാണുന്നു. അക്കൗണ്ടന്റായ ശ്രീ.വിനോദ്കുമാർ.വി സാമ്പത്തിക ക്രമക്കേട് നടത്തിയപ്പോൾ ടിയാനായിരുന്നു സെക്രട്ടറിയുടെ ചുമതല. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ഒരു മുൻസിപ്പാലിറ്റിക്ക് സമാനമായ തിരക്കുകൾ ഉള്ള പഞ്ചായത്താണെന്ന സെക്രട്ടറിയുടെ വാദം ഒരു പരിധി വരെ അംഗീകരിക്കാമെങ്കിലും. തനിക്ക് സർവ്വീസിൽ അധികകാലം ശേഷിക്കുന്നില്ലാത്തതിനാൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ വേണ്ടത്ര പരിജ്ഞാനം നേടുവാൻ കഴിഞ്ഞില്ലെന്നും ടി ന്യൂനത മുതലെടുത്തുകൊണ്ട് അക്കൗണ്ടന്റ് തന്റെ സ്വാർത്ഥ ലാഭത്തിനായി കരുതിക്കൂട്ടി

സാംഖ്യ സോഫ്റ്റ് വെയറിൽ വ്യാജ വൗച്ചറുകളും രേഖകളും സൃഷ്ടിച്ച് സെക്രട്ടറിയായ തന്നെ ചൂഷണം ചെയ്ത കബളിപ്പിച്ച് 1747981/- രൂപ പഞ്ചായത്തിന് നഷ്ടം വരുത്തി എന്നുള്ള വാദം ടിയാളുടെ വീഴ്ചകളിലേയ്ക്ക് വിരൽചൂണ്ടുന്നു., 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായുള്ള പൊരുത്തൽപെടുത്തൽ പത്രിക സാക്ഷ്യപെടുത്തിയിരുന്നുവെങ്കിൽ ഒരു പക്ഷെ അക്കൗണ്ടന്റിന് ഇത്തരത്തിൽ വലിയതോതിലുള്ള സാമ്പത്തിക തട്ടിപ്പ് നടത്തുവാൻ കഴിയുമായിരുന്നില്ല. ആയത് പഞ്ചായത്തിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനും തന്റെ കീഴിൽ ജോലിയെടുക്കുന്ന ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയന്ത്രിക്കാൻ നിയുക്തനുമായ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ജാഗ്രതക്കുറവായി വിലയിരുത്തുന്നു

3. മേൽ വസ്തുതകൾ പരിശോധിച്ചതിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം.എസ്.രവിയ്ക്ക് എതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. എം.എസ്. രവിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എം.എസ്. രവി, മുൻ സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/188/2018/തസ്വഭവ)

Signature Valid
Digitally signed by SUDHEER S S
Date: 2020.10.16 [illegible]:32:39 IST
Reason: Approved

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ